## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4420 — 17.05.2017 ൽ മറുപടി നല്കേണ്ടിയിരുന്നത്

### അനാഥരായ കുട്ടികളെ സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ :**<br>**" ഇ.കെ.വിജയൻ**<br>**ശ്രീമതി സി.കെ.ആശ**<br>**ശ്രീ. വി.ആർ.സുനിൽ കുമാർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) അമ്മയോ, അച്ഛനോ അല്ലെങ്കിൽ ഇവർ രണ്ടുപേരും മരിച്ചാൽ കുട്ടികൾ അനാഥരാകുന്ന സാഹചര്യം വിലയിരുത്തി യിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇത്തരം കുട്ടികളെ സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (ബി) അച്ഛനോ അമ്മയോ/ ഇവർ രണ്ടുപേരും ഇല്ലാത്തതോ ആയ കുട്ടികൾ ജെ.ജെ.ആക്ട് 2016 സെക്ഷൻ 2(14) പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളാണ്. ഇത്തരം കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയാണ് കൈകാര്യം ചെയ്യുന്നതും തീരുമാനമെടുക്കുന്നതും. ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഫോസ്റ്റർകെയർ, സ്പോൺസർഷിപ്പ്, ദത്തെടുക്കൽ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കുടുംബങ്ങളിൽ പുന:രധിവസിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരം പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ അവസാനത്തെ മാർഗ്ഗം എന്ന നിലയിൽ കുട്ടിയെ സ്ഥാപനവാസത്തിന് (institutionalisation) വിടുകയാണ് ചെയ്യുന്നത്. |
| (സി) ഇത്തരം കുട്ടികൾക്ക് തങ്ങൾ അനാഥരാണ് എന്ന തോന്നൽ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ കഴിയുന്നതും കുടുംബങ്ങളിൽ നിർത്തി സംരക്ഷിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകുന്നത്. അതിലേയ്ക്കായി സ്ഥാപനേതര |

സംരക്ഷണ പരിപാടികളായ ദത്തെടുക്കൽ, ഫോസ്റ്റർകെയർ, സ്പോൺസർഷിപ്പ് എന്നീ പരിപാടികൾ ഐ.സി.പി.എസ്. മുഖാന്തിരം നടപ്പിലാക്കി വരുന്നു.

(ഡി) ഇവരുടെ വിദ്യാഭ്യാസത്തിന് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

(ഡി) ഐ.സി.പി.എസ്. മാർഗ്ഗരേഖ പ്രകാരമുള്ള സ്പോൺസർഷിപ്പ് പദ്ധതി പ്രകാരം വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകി വരുന്നു. പ്രതിമാസം 2000/- രൂപ നിരക്കിൽ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്കാണ് ധനസഹായം നൽകുന്നത്. സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനാവശ്യമായ എല്ലാ ചെലവുകളും വകുപ്പ് വഹിക്കുന്നുണ്ട്

**സെക്ഷൻ ഓഫീസർ**